REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 12-06-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിലും രാജ്യത്തിന്റെ സ്വാശ്രയത്വം മുന്നോട്ട് കൊണ്ടുപോകുന്നതിലും യുവജനതയുടെ പങ്കിനെ പ്രശംസിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **UPI ഇടപാടുകൾക്ക് മർച്ചന്റ് ഡിസ്ക്കൗണ്ട് നിരക്ക് ഈടാക്കുമെന്ന വാർത്തകൾ വ്യാജവും, അടിസ്ഥാന രഹിതവുമെന്ന് ധനമന്ത്രാലയം.**
- **ഇന്ന് ലോക ബാലവേല വിരുദ്ധ ദിനം. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി V ശിവൻകുട്ടി കൊല്ലത്ത് നിർവഹിച്ചു.**
- **നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന് പ്രചാരണ പ്രവർത്തനങ്ങൾ അവസാനലാപ്പിലേക്ക്.**
- **ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ദക്ഷിണാഫ്രിക്ക ഇന്ന് ബാറ്റിംഗ് പുനരാരംഭിക്കും.**

## വാർത്തകൾ വിശദമായി

സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിലും രാജ്യത്തിന്റെ സ്വാശ്രയത്വം മുന്നോട്ട് കൊണ്ടുപോകുന്നതിലും ഇന്ത്യയുടെ നവീനാശയക്കാരായ യുവത വഹിക്കുന്ന നിർണായക പങ്കിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. ഡിജിറ്റൽ ഇന്ത്യ യുവാക്കളെ നവീനാശയങ്ങൾ പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കി, കഴിഞ്ഞ 11 വർഷമായി ആഗോള സാങ്കേതിക ശക്തികേന്ദ്രമെന്ന നിലയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തിയെന്നും പ്രധാനമന്ത്രി പറഞ്ഞു.

സേവന വിതരണവും സുതാര്യതയും വളരെയധികം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും വിദൂര ഗ്രാമങ്ങളിൽ പോലും ഇന്റർനെറ്റ് ലഭ്യമാക്കുന്നുണ്ടെന്നും നരേന്ദ്രമോദി സാമൂഹിക മാധ്യമ പോസ്റ്റിന് മറുപടി നൽകി.

✪✪✪

UPI ഇടപാടുകൾക്ക് മർച്ചന്റ് ഡിസ്‌ക്കൗണ്ട് നിരക്ക് ഈടാക്കുമെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകൾ വ്യാജവും, അടിസ്ഥാന രഹിതവുമാണെന്ന് ധനമന്ത്രാലയം വ്യക്തമാക്കി. ഇത്തരം ആശയക്കുഴപ്പങ്ങളും ഊഹാപോഹങ്ങളും സാധാരണക്കാരിൽ ആശങ്കയും ഭീതിയും ഉണ്ടാക്കാൻ വഴിയൊരുക്കുമെന്ന് മന്ത്രാലയം പറഞ്ഞു. UPI ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് പ്രതിബദ്ധമാണെന്നും അറിയിപ്പിൽ പറയുന്നു.

✪✪✪

കഴിഞ്ഞ പത്തു വർഷം കൊണ്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ആനുകൂല്യം കൈമാറുന്ന സമ്പ്രദായത്തിൽ 90 മടങ്ങ് വർദ്ധനയുണ്ടായതായി ധനമന്ത്രി നിർമ്മലാ സീതാരാമൻ. 2014 ലെ 7,000 കോടി രൂപയിൽ നിന്ന് കഴിഞ്ഞ സാമ്പത്തിക വർഷം 6.83 ലക്ഷം കോടി രൂപയായി DBT വളർന്നുവെന്ന് മന്ത്രി സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ഈ മാസം 21-ന് അന്താരാഷ്ട്ര യോഗാ ദിനത്തിൽ ഒരു ലക്ഷത്തിലേറെ യോഗ പരിപാടികൾ സംഘടിപ്പിക്കുമെന്ന് കേന്ദ്ര ആയുഷ് മന്ത്രി പ്രതാപ് റാവു യാദവ് ന്യൂഡൽഹിയിൽ പറഞ്ഞു. രാവിലെ ആറരയ്ക്കും 7-40 നുമിടയിൽ ഒരേസമയമായിരിക്കും യോഗാദിന പരിപാടികൾ. ഒരു ഭൂമി, ഒരേ ആരോഗ്യം എന്നതാണ് ഈ വർഷത്തെ യോഗാദിന പ്രമേയം.

ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് പ്രധാനമന്ത്രി നരേന്ദ്രമോദി യോഗാദിന പരിപാടിയിൽ പങ്കെടുക്കുമെന്നും പ്രതാപ് റാവു യാദവ് പറഞ്ഞു.

✪✪✪

കൊച്ചി തീരത്തെ കപ്പൽ അപകടവുമായി ബന്ധപ്പെട്ട് MSC- എൽസ 3 കമ്പനിക്ക് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം നോട്ടീസയച്ചു. 48 മണിക്കൂറിനുള്ളിൽ എണ്ണ ചോർച്ച നീക്കുന്നതിന് നടപടി തുടങ്ങണമെന്നാണ് നോട്ടീസിൽ ആവശ്യപ്പെടുന്നത്. അല്ലാത്തപക്ഷം ഇന്ത്യൻ നിയമപ്രകാരം കർശന നടപടിയെടുക്കുമെന്നും മുന്നറിയിപ്പ് നൽകി.

അവശിഷ്ടങ്ങൾ മാറ്റുന്ന നടപടി ക്രമങ്ങളിൽ ഗുരുതര വീഴ്ച വരുത്തിയതായി മന്ത്രാലയം കണ്ടെത്തി. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും നടപടിയിൽ കാലതാമസം വരുത്തിയതായും മന്ത്രാലയം നോട്ടീസിൽ പറയുന്നു. ഇന്ത്യൻ തീരത്തെയും സമുദ്രാവാസ വ്യവസ്ഥയെയും കപ്പലപകടം ആഘാതത്തിലാക്കിയെന്നും മത്സ്യത്തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുത്തിയെന്നും നോട്ടീസിലുണ്ട്.

✪✪✪

കൊച്ചിയിൽ MSC എൽസ-3 കപ്പലപകടത്തിൽ കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകൾക്ക് നടപടിയെടുക്കാമെന്ന് ഹൈക്കോടതി അഭിപ്രായപ്പെട്ടു. കാലതാമസമില്ലാതെ കൃത്യമായ നടപടിയെടുക്കണമെന്ന് നിർദ്ദേശിച്ച കോടതി, ആവശ്യമെങ്കിൽ അമിക്കസ് ക്യൂറിയെ ഇതിനായി നിയമിക്കാമെന്നും വ്യക്തമാക്കി. കപ്പൽ കമ്പനിയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കണമെന്നും കോടതി വാക്കാൽ ആവശ്യപ്പെട്ടു. കഴിഞ്ഞ ദിവസം കോഴിക്കോടിനടുത്ത് ഉണ്ടായ വാൻഹായ് കപ്പലപകടവും ഇതിനോടൊപ്പം പരിഗണിക്കാവുന്നതാണെന്നും കോടതി നിരീക്ഷിച്ചു. കേസ് അടുത്ത മാസം 13 ന് വീണ്ടും പരിഗണിക്കും.

✪✪✪

കോഴിക്കോട് പുറങ്കടലിൽ തീപിടിച്ച വാൻഹായി 503 എന്ന ചരക്ക് കപ്പലിലെ തീ അണയ്ക്കാൻ കോസ്റ്റ് ഗാർഡും നാവികസേനയും ശ്രമം തുടരുന്നു. വ്യോമസേനയുടെ ഹെലികോപ്റ്റർ വഴി ഡ്രൈ കെമിക്കൽ പൗഡർ ഉപയോഗിച്ച് തീ കെടുത്തുന്നതിന് ശ്രമം ആരംഭിച്ചിട്ടുണ്ട്. ഇന്ധന ടാങ്കിനു സമീപത്തെ തീ അണയ്ക്കുന്നതിനാണ് ശ്രമിക്കുന്നത്.

✪✪✪

ഇന്ന് ലോക ബാലവേല വിരുദ്ധ ദിനം. കുട്ടികൾക്കെതിരായ ചൂഷണം ഉയർത്തിക്കാട്ടുന്നതോടൊപ്പം അവ ഇല്ലാതാക്കുന്നതിന് ശ്രമങ്ങൾ നടത്തുന്നതിനുമാണ് എല്ലാ വർഷവും ജൂൺ 12 ലോക ബാലവേല വിരുദ്ധ ദിനം ആചരിക്കുന്നത്.

'ബാലവേലമുക്ത കേരളം എന്റെ അഭിമാനം' സംസ്ഥാനതല ഉദ്ഘാടനം മന്ത്രി V ശിവൻകുട്ടി കൊല്ലത്ത് നിർവഹിച്ചു. വായനയാണ് ഏറ്റവും പ്രധാനമെന്നും, വ്യക്തിശുചിത്വം, സമൂഹത്തോട് നല്ല പെരുമാറ്റം എന്നിവ വിദ്യാഭ്യാസം കൊണ്ട് നേടിയെടുക്കേണ്ട ഗുണങ്ങളാണെന്ന് ശിവൻ കുട്ടി പറഞ്ഞു. മൊബൈൽ ഫോൺ ഉപയോഗത്തിൽ കുട്ടികൾ മിതത്വം പാലിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

ബ്രഹ്മോസ് സൂപ്പർസോണിക്  മിസൈലിന് ഇന്ന് 24 വർഷം പൂർത്തിയായി. 2001 ജൂൺ 12 നാണ് ഇന്ത്യ- റഷ്യ സംയുക്ത സംരംഭമായ ബ്രഹ്മോസ് മിസൈൽ വിജയകരമായി വിക്ഷേപിക്കുന്നത്. ബ്രഹ്മോസ് സംവിധാനത്തിന്റെ തുടർവികസനത്തിനും നവീകരണത്തിനും പ്രതിബദ്ധമാണെന്ന് സംയുക്ത എയ്റോ സ്പേയ്സ് വ്യക്തമാക്കി. മെയ്ക്ക് ഇൻ ഇന്ത്യയുടെ സത്ത ഉൾക്കൊണ്ട് രാജ്യരക്ഷാ രംഗത്ത് സ്വയംപര്യാപ്തത നേടിയെടുക്കാൻ പരിശ്രമിക്കുമെന്ന് അവർ എക്സ് പോസ്റ്റിൽ കുറിച്ചു.

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്  ഒരാഴ്ചയിൽ താഴെ മാത്രം സമയം ശേഷിക്കെ പ്രചാരണ പ്രവർത്തനങ്ങൾ അവസാനലാപ്പിലേക്ക് നീങ്ങി. മൂന്ന് മുന്നണികളുടെയും കക്ഷിരഹിതരുടെയും സ്ഥാനാർത്ഥികൾ പരമാവധി വോട്ടർമാരെ നേരിൽക്കണ്ട് വോട്ടുറപ്പിക്കുന്ന പരിശ്രമത്തിലാണ്.

LDF സ്ഥാനാർഥി M. സ്വരാജ്, UDF സ്ഥാനാർഥി ആര്യാടൻ ഷൗക്കത്ത്, NDA സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർ പഞ്ചായത്തുതല  പ്രചാരണം തുടരുന്നു.

✪✪✪

കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ വജ്രജൂബിലി മന്ദിരം ഉച്ചയ്ക്ക് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം സൗത്ത്, നോർത്ത് കമ്മിറ്റി ഓഫീസുകൾ, കോൺഫറൻസ് ഹാളുകൾ, KGOA ന്യൂസ് ആസ്ഥാനം, റീഡിംഗ് റൂം, ഗസ്റ്റ് റൂം എന്നിവയടക്കം വിപുലമായ സൗകര്യങ്ങളോടെയാണ് മന്ദിരം നിർമ്മിച്ചത്.

✪✪✪

ഗവൺമെന്റിനെ സംബന്ധിച്ച് കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുകയെന്നതാണ് പ്രഥമ പരിഗണനയെന്ന് മന്ത്രി വി.ശിവൻകുട്ടി. സ്കൂൾ സമയക്രമം മാറ്റിയ വിഷയത്തിൽ മുഖ്യമന്ത്രിയുമായി കൂടിയാലോചന നടത്തുമെന്നും പരാതി ഉന്നയിച്ചവരുമായി സംസാരിക്കാൻ തയാറാണെന്നും മന്ത്രി പറഞ്ഞു. ഗവൺമെന്റിന് വിഷയത്തിൽ യാതൊരുവിധ കടുംപിടിത്തവുമില്ലെന്നും  പഠനത്തിന് കൂടുതൽ സമയം ആവശ്യമായ കാലഘട്ടമായതിനാലാണ് സമയക്രമം മാറ്റം വരുത്തിയതെന്നും ശിവൻകുട്ടി പറഞ്ഞു.

✪✪✪

ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ നാല് വിക്കറ്റിന് 43 റൺസെന്ന നിലയിൽ ദക്ഷിണാഫ്രിക്ക ലണ്ടനിൽ രണ്ടാം ദിവസത്തെ ബാറ്റിംഗ് പുനരാരംഭിക്കും. ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്കാണ് മത്സരം. ആദ്യം ബാറ്റ് ചെയ്ത ഓസ്ട്രേലിയ 212 റൺസിന് പുറത്തായിരുന്നു.

✪✪✪

FIH ഹോക്കി പ്രോ ലീഗിൽ ഇന്ന് ഇന്ത്യൻ പുരുഷ ടീം അർജന്റീനയെ നേരിടും. ഇന്ത്യൻ സമയം വൈകീട്ട് ആറരക്ക് നെതർലാന്റ്സിലെ വാഗ്നർ ഹോക്കി സ്റ്റേഡിയത്തിലാണ് മത്സരം. 11 മത്സരത്തിൽ നിന്ന് 15 പോയിന്റ് നേടിയ ഇന്ത്യ നിലവിൽ പോയിന്റ് പട്ടികയിൽ നാലാം സ്ഥാനത്താണ്.

✪✪✪

3 X 3 ഫോർമാറ്റിലെ ആദ്യ അണ്ടർ 23 ദേശീയ ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പിന് ഇന്ന് കൊച്ചി കടവന്ത്ര റീജിയണൽ സ്പോർട്സ് സെന്ററിൽ തുടക്കമാകും. ഉദ്ഘാടന മത്സരത്തിൽ മധ്യപ്രദേശ് പുരുഷ ടീം മഹാരാഷ്ട്രയെ നേരിടും.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി എറണാകുളം, കോട്ടയം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി.

നാളെ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. ഈ മാസം 16 വരെ സംസ്ഥാനത്ത് അതിത്രീവമഴക്കും മണിക്കൂറിൽ 50 മുതൽ 60 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✪✪✪

മഴ കനക്കുന്നതോടെ ഇടുക്കി ജില്ലയിൽ ആദ്യം തുറക്കുന്ന അണക്കെട്ടുകളിൽ ഒന്നാണ് കല്ലാർകുട്ടി. കല്ലാർകുട്ടി അണക്കെട്ട് തുറക്കുന്നതും വെള്ളം പുറത്തേക്കൊഴുക്കുന്നതൊന്നും പ്രദേശവാസികൾക്ക് പുതുമമയല്ല.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ.

.......(വോയ്സ്) ...........

✪✪✪

സംയുക്ത ഗവേഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റും രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയും ധാരണാപത്രത്തിൽ ഒപ്പുവച്ചു. തിരുവനന്തപുരത്ത് മന്ത്രി ഡോ.R ബിന്ദുവിന്റെ സാന്നിദ്ധ്യത്തിൽ IHRD ഡയറക്ടർ ഡോ. V A അരുൺ കുമാറും RGCB ഡയറക്ടർ ഡോ. ചന്ദ്രഭാസ് നാരായണയും ഒപ്പിട്ട ധാരണാപത്രം കൈമാറി.

✪✪✪

വയനാട് മാനന്തവാടി കാട്ടിക്കുളം എയ്ഡ് പോസ്റ്റിന് സമീപം സ്വകാര്യ ബസും ടൂറിസ്റ്റ് ബസും കൂട്ടിയിടിച്ച് 85 പേർക്ക് പരിക്കേറ്റു. മാനന്തവാടിയിൽ നിന്നും തിരുനെല്ലിയിലേക്ക് പോകുന്ന സ്വകാര്യ ബസും, തിരുനെല്ലി ഭാഗത്തു നിന്നും മാനന്തവാടിയിലേക്ക് വരികയായിരുന്ന ടൂറിസ്റ്റ് ബസുമാണ് അപകടത്തിൽപ്പെട്ടത്. 12 പേരെ കാട്ടിക്കുളം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും മുപ്പതോളം ആളുകളെ ഗവ മെഡിക്കൽ കോളേജിലും പ്രവേശിപ്പിച്ചു. ആരുടെയും നില ഗുരുതരമല്ല.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിലെ നിത്യപൂജകൾ തുടരുന്നു. മണിത്തറയിലെ താത്കാലിക ശ്രീകോവിലിന്റെ നിർമാണം ആരംഭിച്ചു. ഞായറാഴ്ച  തിരുവോണം ആരാധനയ്ക്ക് മുൻപ് ശ്രീകോവിൽ നിർമാണം പൂർത്തിയാക്കും.

✪✪✪

---

*News Editor : അനിൽ ചന്ദ്രൻ*
*News Reader: നിമിഷ ജി*
*CNRT : ഫസ്ന ഫാത്തിമ*
*DEO : ഷീബ*